# രക്ഷയുടെ പാതയിൽ



# സഭ ആരാധനാസമൂഹം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

൯

# ഉള്ളടക്കം


1. ദൈവാരാധന
2. അടയാളങ്ങളും പ്രതീകങ്ങളും
3. അടയാളങ്ങളും പ്രതീകങ്ങളും വിശുദ്ധകുർബാനയിൽ
4. വിശുദ്ധകുർബാന പരമോന്നത ആരാധന
5. വിശുദ്ധകുർബാന ആമുഖശുശ്രൂഷയും വചനശുശ്രൂഷയും
6. വിശുദ്ധകുർബാന ഒരുക്കശുശ്രൂഷയും അനാഫൊറയും
7. വിശുദ്ധകുർബാന ദൈവൈക്യശുശ്രൂഷയും സമാപനവും
8. ദൈവവചനവും ക്രൈസ്തവജീവിതവും
9. കൂദാശകളും ക്രൈസ്തവജീവിതവും
10. പ്രവേശക കൂദാശകൾ
11. സൗഖ്യദായക കൂദാശകൾ
12. തിരുപ്പട്ടം
13. വിവാഹം
14. ആരാധനാവൽസരവും ക്രൈസ്തവജീവിതവും
15. സമർപ്പിതജീവിതം

# പാഠം- 10



# പ്രവേശക കൂദാശകൾ

# പ്രവേശക കൂദാശകൾ

1. മാമ്മോദീസാ
2. തൈലാഭിഷേക കൂദാശ



പ്രവേശക കൂദാശകൾ

പ്രവേശക കൂദാശകൾ

- പ്രവേശക കൂദാശകൾ

❖ മാമ്മോദീസാ, തൈലാഭിഷേകം, കുർബാന എന്നീ മൂന്നു കൂദാശകളെ പ്രവേശക കൂദാശകൾ എന്നു വിളിക്കുന്നു. കാരണം മിശിഹാരഹസ്യത്തിലേക്കും സഭാ സമൂഹത്തിലേക്ക് ഒരു വ്യക്തിയെ പ്രവേശിപ്പിക്കുന്ന കൂദാശകളാണവ.

❖ വിശുദ്ധ ഹിപ്പോളിറ്റസിന്റെ അപ്പസ്തോലിക പാരമ്പര്യം എന്ന കൃതിയിൽ മാമ്മോദീസായും തൈലാഭിഷേകവും വിശുദ്ധ കുർബാനയും ഒന്നിച്ചു പരികർമ്മം ചെയ്തിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രവേശക കൂദാശകൾ

# മാമ്മോദീസാ

- ഈശോയുടെ മരണോത്ഥാനങ്ങളിലുള്ള പങ്കുചേരൽ
- മാമ്മോദീസായിലൂടെ മിശിഹായുടെ മരണോത്ഥാനങ്ങളിൽ നാം പങ്കുകാരാകുകയും വീണ്ടും ജനിക്കുകയും ചെയ്യുന്നു.

## 1. പാപങ്ങൾ മോചിക്കുന്നു

- പാപവും പാപമാർഗവും നീ ഉപേക്ഷിക്കുന്നുവോ എന്ന ചോദ്യത്തിന് ഉത്തരമായി ഉപേക്ഷിക്കുന്നു എന്നു മറുപടി പറയുമ്പോൾ മാമ്മോദീസാ മുങ്ങുന്ന വ്യക്തിക്ക് ഇനി പാപവുമായി യാതൊരു ബന്ധവുമില്ല എന്നു പ്രഖ്യാപിക്കുകയാണ്.

## 2. ദൈവമക്കളായി ജനിക്കുന്നു

❖മാമ്മോദീസായിലൂടെ പരിശുദ്ധാത്മാവ് നമ്മെ ദൈവമക്കളായി മാറ്റുന്നു. പാപം മൂലം നഷ്ടമായ ദൈവികഛായ വീണ്ടും ലഭിക്കുന്നു. നമ്മിൽ ദൈവിക ജീവൻ അഥവാ കൃപാവരം നിറയ്ക്കുകയും നമ്മെ ദൈവത്തിന്റെ മക്കളും സ്വർഗ്ഗത്തിനവകാശികളുമാക്കിത്തീർക്കുകയും ചെയ്യുന്നു.

## 3. സഭാ കൂട്ടായ്മയിലേക്ക് ഉൾച്ചേർക്കപ്പെടുന്നു.

❖മാമ്മോദീസാ നമ്മെ മിശിഹായുടെ ശരീരത്തിലെ അവയവങ്ങളാക്കുന്നു. മിശിഹാ അവനിൽ മായിക്കാനാവാത്ത ഒരു ആധ്യാത്മികമുദ്ര പതിപ്പിക്കുന്നു. ഈ മുദ്ര മായിക്കാൻ പാപത്തിനുപോലും കഴിയുകയില്ല.

പ്രവേശക കൂദാശകൾ

## 4. മാമ്മോദീസയും വിശ്വാസവും

- മാമ്മോദീസ വിശ്വാസത്തിന്റെ കൂദാശയാണ്. ഈശോയെ പൂർണ്ണമായും വിശ്വസിക്കുന്നവർക്ക് മാത്രമാണ് മാമ്മോദീസ നൽകുന്നത്. ഇപ്രകാരം വിശ്വസിച്ച് മാമ്മോദീസ സ്വീകരിക്കുന്നവർക്കാണ് രക്ഷ വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നത്. ശിശു മാമ്മോദീസായിൽ സഭാസമൂഹത്തിന്റെ മുഴുവൻ വിശ്വാസത്തെ സഭ പരിഗണിക്കുന്നു. അതുകൊണ്ടാണ് ശിശുമാമ്മോദീസായിലെ ചോദ്യങ്ങൾക്ക് ശിശുവിനുവേണ്ടി തലതൊട്ടപ്പനും തലതൊട്ടമ്മയും മറുപടി പറയുന്നത്. മാമ്മോദീസ സ്വീകരിച്ച എല്ലാവരുടേയും വിശ്വാസം മാമ്മോദീസായ്ക്ക്ശേഷം വളരേണ്ടതുണ്ട്. ഇതിന് മാതാപിതാക്കളുടേയും സഭാസമൂഹത്തിന്റെയും താൽപ്പര്യവും സഹായവും ആവശ്യമാണ്.

പ്രവേശക കൂദാശകൾ

# തൈലാഭിഷേക കൂദാശ

❖മാമ്മോദീസായിലൂടെ ലഭിച്ച വിശ്വാസത്തിൽ ഒരു വ്യക്തിയെ സ്ഥിരപ്പെടുത്തുന്ന കൂദാശയാണിത്.

## 1. ഈശോ ആത്മാവിനാൽ അഭിഷിക്തൻ

❖മിശിഹാ എന്ന സുറിയാനി വാക്കിന്റെ അർത്ഥം അഭിഷിക്തൻ എന്നാണ്. ഈശോ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ടവനാണ്.

## 2. ശ്ലീഹന്മാർ ആത്മാവിനാൽ നിറഞ്ഞവൻ

❖പന്തകുസ്താനാളിൽ സെഹിയോൻ ഊട്ടുശാലയിൽ പ്രാർത്ഥനാനിരതരായിരുന്ന ശ്ലീഹന്മാരുടെമേൽ തീനാളങ്ങളുടെ രൂപത്തിൽ പരിശുദ്ധാത്മാവു വന്നു ആവസിക്കുകയും പ്രേഷിത നിർവഹണത്തിനായി അവരെ ശക്തിപ്പെടുത്തുകയും ചെയ്തു.

## 3. ആദിമക്രൈസ്തവർ ആത്മാവിനാൽ നിറഞ്ഞവർ


❖ഈശോയിൽ വിശ്വസിച്ച് അവിടുത്തേക്ക് സാക്ഷ്യം വഹിച്ച ആദിമക്രൈസ്തവർ പരിശുദ്ധാത്മാവുകൊണ്ടു നിറഞ്ഞവരായിരുന്നു. വിശ്വാസത്തിനുവേണ്ടി ജീവൻ ത്യജിക്കാനും രക്തസാക്ഷികളായിത്തീരുവാനും പരിശുദ്ധാത്മാവ് അവരെ ശക്തിപ്പെടുത്തി.


## 4. പരിശുദ്ധാത്മാവിന്റെ ആലയങ്ങളാക്കി മാറ്റുന്നു

❖തൈലാഭിഷേകത്തിലൂടെ പരിശുദ്ധാത്മാവുകൊണ്ട് നിറയുന്ന ക്രൈസ്തവൻ പരിശുദ്ധാത്മാവിന്റെ ആലയമാണ്.

## 5.ക്രൈസ്തവജീവിതത്തിനുള്ള ശക്തി പകരുന്നു

❖ഓരോ ക്രൈസ്തവനും തൈലാഭിഷേകത്തിലൂടെ പന്തക്കുസ്താനുഭവത്തിൽ പങ്കുചേരുന്നു





പ്രവേശക കൂദാശകൾ

## എന്റെ തീരുമാനം

ദൈവമക്കൾക്ക് അനുയോജ്യമാം
വിധം സ്നേഹത്തിനു സാക്ഷ്യം
വഹിച്ച് ഞാൻ ജീവിക്കും.


പ്രവേശക കൂദാശകൾ
ഓർമിക്കാൻ ഒരു തിരുവചനം
ജലത്താലും ആത്മാവിനാലും
ജനിക്കുന്നില്ലെങ്കിൽ ഒരുവനും
ദൈവരാജ്യത്തിൽ പ്രവേശി
ക്കുക സാധ്യമല്ല (യോഹ. 3:5)